"ഭരണഭാഷ-മാതൃഭാഷ"

No.DWCD/949/2025-ICDSB9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 20-08-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടികളിലെ പരിഷ്കരിച്ച മാതൃക ഭക്ഷണ മെനു - ജില്ലാതല/ സെക്ടർ തല പരിശീലനം - മാർഗ്ഗ നിർദേശങ്ങൾ -സംബന്ധിച്ച്--

സൂചന:- 1. സ.ഉ(സാ.ധാ) നം 353 /2025 WCDD തീയതി 26/07/2025

2. 16/08/ 2025 DWCD/949/2025-ICDSB9 നമ്പർ കത്ത്

അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്കുള്ള പരിഷ്കരിച്ച മാതൃക ഭക്ഷണ മെനു സംബന്ധിച്ച് ജില്ലാതല/ സെക്ടർ തലത്തിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിനായുള്ള അധിക മാർഗ്ഗ നിർദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: മാർഗ്ഗ നിർദ്ദേശങ്ങൾ

**അങ്കണവാടി പ്രീസ്കൂൾ കുട്ടികളുടെ പരിഷ്കരിച്ച മാതൃക ഭക്ഷണമെനു അങ്കണവാടികളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ- സെക്ടർ തലത്തിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിനായുള്ള മാർഗ്ഗ നിർദേശങ്ങൾ**

1. സർക്കാരിന്റെ 26/07/2025 ലെ സ.ഉ (സാ.ധാ.) 353/2025 WCDD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പരിശീലന പരിപാടികൾ നടത്തേണ്ടതാണ് (ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.)
2. ജില്ലാതല/ സെക്ടർ തല പരിശീലനങ്ങളിൽ മാതൃക ഭക്ഷണ മെനു തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ WBNP പദ്ധതി പ്രകാരം പ്രീ സ്കൂൾ കുട്ടികൾക്കായി അനുവദിച്ചു വരുന്ന ഫോർട്ടിഫൈഡ് അരി ഉപയോഗിക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യം വരുന്ന അരിയുടെ അളവ് സംബന്ധിച്ച വിവരങ്ങൾ അങ്കണവാടിയിലെ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
3. ജില്ല തല പരിശീലന പരിപാടി പ്രോഗ്രാം ഓഫീസർമാരുടെ മേൽനോട്ടത്തിൽ, സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്. സെക്ടർ/സബ് സെക്ടർ തല ട്രെയിനിംഗ് ശിശു വികസന പദ്ധതി ഓഫീസർമാരുടെ മേൽനോട്ടത്തിൽ, സംസ്ഥാന/ജില്ല തലത്തിൽ പരിശീലനം ലഭിച്ച ട്രെയിനർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ജില്ല തല / സെക്ടർ / സബ് സെക്ടർ തല പരിശീലനം സമയബന്ധിതമായും, പൂർണ്ണമായും പൂർത്തീയാക്കി, നിർദേശാനുസരണം 2025 സെപ്റ്റംബർ 8-നകം തന്നെ ജില്ലയിലെ എല്ലാ അങ്കണവാടികളിലും പ്രീസ്കൂൾ കുട്ടികൾക്കുള്ള പരിഷ്കരിച്ച മാതൃക ഭക്ഷണമെനു നടപ്പിലാക്കുന്നു എന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
4. ജില്ലാ തലത്തിൽ, ഒരു ബാച്ചിൽ, പരിശീലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾക്കനുസരിച്ച് പരമാവധി ജീവനക്കാരെ ഉൾപ്പെടുത്താവുന്നതാണ്. ഇവരെ ടീമുകളായി വിഭജിച്ച് ഓരോ ടീമും പരമാവധി 5 കുട്ടികൾക്കുള്ള ഭക്ഷണം മാത്രം തയ്യാറാക്കേണ്ടതാണ്. പരിശീലന പരിപാടിയുടെ ഭാഗമായി തയ്യാറാക്കുന്ന ഭക്ഷണ സാധനങ്ങൾ പരിശീലനാർത്ഥികളും പരിപാടിയിൽ പങ്കെടുക്കുന്ന വകുപ്പിലെ മറ്റു ജീവനക്കാരും ഉപയോഗപ്പെടുത്തേണ്ടതാണ്.
5. അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ സെക്ടർ/സബ് സെക്ടർ/പഞ്ചായത്ത് തല പരിശീലനം ശിശു വികസന പദ്ധതി ഓഫീസർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്. പരിശീലനത്തിനായി അങ്കണവാടി പ്രവർത്തകരെ നിയോഗിക്കുമ്പോൾ ഒരു

അങ്കണവാടിയിലെ തന്നെ അങ്കണവാടി വർക്കറിനേയും അങ്കണവാടി ഹെൽപ്പറിനേയും ഒരേ ബാച്ചിലെ പരിശീലനത്തിനായി നിയോഗിക്കുന്നില്ല എന്ന് അതാതു തലങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

6. പരിശീലത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനത്തിലെ സുരക്ഷാ ക്രമീകരണങ്ങൾ എല്ലാം ഭദ്രമാണെന്ന് ഉറപ്പ് വരുത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പരിശീലന വേളയിൽ സുരക്ഷ മാനദണ്ഡങ്ങൾ മുൻനിർത്തി കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കേണ്ടതും വ്യക്തി ശുചിത്വം പാലിക്കേണ്ടതുമാണ്.
7. ജില്ലാ തല/സെക്ടർ/സബ് സെക്ടർ തല പരിശീലന പരിപാടി പൂർത്തിയാകുന്നതോടു കൂടി, അങ്കണവാടികളിൽ പ്രീസ്കൂൾ കുട്ടികൾക്കുള്ള ( 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കുള്ള ) പരിഷ്കരിച്ച മാതൃക ഭക്ഷണമെനു നടപ്പിലാക്കുന്നതിൽ മാത്രം ഒതുങ്ങാതെ, കുഞ്ഞുങ്ങളിൽ ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ കൊണ്ട് വരുന്നതിനു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മാതാപിതാക്കളിലേക്കും അത് വഴി പൊതു സമൂഹത്തിലേക്കും എത്തിക്കുന്നതിനു സാമൂഹികാധിഷ്ഠിത പരിപാടികൾ (SBCC) പ്രയോജനപ്പെടുത്തേണ്ടതാണ്.
8. ജില്ലാതല/സെക്ടർ/സബ് സെക്ടർ തല പരിശീലനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ചതിനു ശേഷം ജില്ലാതല പരിശീലന പരിപാടിയുടെ റിപ്പോർട്ട് (ഫോട്ടോസ് സഹിതം ) ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്ന് ശേഖരിച്ച സെക്ടർ/സബ് സെക്ടർ തല പരിശീലനത്തിന്റെ റിപ്പോർട്ട് (ഫോട്ടോസ് സഹിതം ) എന്നിവ ജില്ലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഒരു ഏകീകൃത ഡോക്കുമെന്റേഷനായി പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിലേക്ക് e mail മുഖേന ലഭ്യമാക്കേണ്ടതാണ്. ഡോക്കുമെന്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ജില്ലയിലെ NNM ജില്ല കോർഡിനേറ്റർ & ബ്ലോക്ക് കോർഡിനേറ്റർമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(signature)

വനിതാ ശിശു വികസന ഡയറക്ടർ